**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.220 — 09.03.2017 ന് മറുപടിയ്ക്ക്.

**കാട്ടുതീ ഒഴിവാക്കാൻ ബോധവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടുതീ മൂലം ഈ വർഷം സംസ്ഥാനത്തെ എത്രത്തോളം വനമേഖല കത്തിനശിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) കണക്കാക്കിയിട്ടുണ്ട്. ഈ വർഷം 28.02.2017 വരെ 2013.41 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. |
| (ബി) ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലാണ് കൂടുതൽ കാട്ടുതീ ഉണ്ടാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് മനുഷ്യരുടെ പ്രവൃത്തികൾ കാരണമാകുന്നുണ്ടോ എന്നറിയിക്കുമോ; | (ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലും മറ്റു വനമേഖലകളിലും കാട്ടുതീ ഉണ്ടാകാറുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണം തീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അശ്രദ്ധയോടുകൂടിയുള്ള മനുഷ്യന്റെ പ്രവൃത്തികളാണ്. |
| (സി) അടിക്കാട് ഉൾപ്പെടെ കത്തിനശിക്കുമ്പോൾ നൂറ്റാണ്ടുകളിലൂടെ സ്വരൂപിക്കപ്പെട്ട ജൈവ വൈവിധ്യവും മണ്ണിന്റെ ജലസംഭരണശേഷിയും നഷ്ടപ്പെടുമെന്നും ജലദൗർലഭ്യം രൂക്ഷമാകുന്നതിന് കാട്ടുതീ കാരണമാകുമെന്നും ഉള്ള കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ? | (സി) വനമേഖല കാട്ടുതീ ബാധിക്കുന്നതിലൂടെ ഉണ്ടാകുന്ന വിപത്തുകളായ ജൈവവൈവിധ്യ ശോഷണം, മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ ജലസംഭരണ ശേഷി നഷ്ടപ്പെടൽ, ജലദൗർലഭ്യം രൂക്ഷമാകൽ തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി നാനൂറോളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ വാഹനങ്ങളിലെ യാത്രക്കാർക്കും പൊതുജനങ്ങൾക്കും കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി ലഘുലേഖകൾ വിതരണം നടത്തുന്നു. കാട്ടുതീ സാദ്ധ്യത ഏറിയ വനമേഖലകൾ കേന്ദ്രീകരിച്ച് റാലികളും തെരുവ് നാടകങ്ങളും, പരിസ്ഥിതി മാജിക്കും ഉൾപ്പെടെയുള്ള |

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. എക്സിബിഷനുകൾ പ്രദർശിപ്പിക്കുന്നതിനായി വനവും വന്യമൃഗ സംരക്ഷണവും ഉൾപ്പെടുത്തി വിവിധ മോഡ്യൂളുകൾ, പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം പ്രചരിപ്പിക്കുന്നതിലേയ്ക്കുള്ള ഹ്രസ്വചിത്രം ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ വനം വകുപ്പ് നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**